UNIVERSITY OF CALICUT

(DOA)

No: 4617/DOA-ASST-8/2026/Admn Dated,Calicut University P.O 21.01.2026

**NOTIFICATION**

2024-25 ബാച്ച് നാല്വ വർഷ ബിരുദ പ്രോഗ്രാമിന്റെ നാലാം സെമസ്റ്ററിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ച് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിക്കുന്നു. മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ തികച്ചും സൗജന്യമാണ്. ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓട്ടോണമസ് പദവിയില്ലാത്ത കോളേജുകളിൽ നിന്ന് ഓട്ടോണമസ് കോളേജുകളിലേക്കുള്ള കോളേജ് ട്രാൻസ്ഫറിനായി, വിദ്യാർത്ഥികൾ ബന്ധപ്പെട്ട ഓട്ടോണമസ് കോളേജിനെ സമീപിക്കേണ്ടതാണ്. ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്ത് കോളേജ് - മേജർ ഓപ് ഷനുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ നാലാം സെമസ്റ്ററിലെ കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യത:

(a) കോളേജ് ട്രാൻസ്ഫർ വിജ്ഞാപന തീയതിയ്ക്ക് മുൻപായി സർവകലാശാല പ്രസിദ്ധീകരിച്ച മുഴുവൻ സെമസ്റ്ററുകളുടെയും (ഒന്ന് , രണ്ട് , മൂന്ന് സെമസ്റ്ററുകളുടെ ) പരീക്ഷാ രജിസ്ട്രേഷൻ വിദ്യാർത്ഥി പൂർത്തീകരിച്ചിരിക്കണം.

(b) കൂടാതെ തൊട്ടുമുൻപത്തെ സെമസ്റ്ററിൽ (immediately preceding semester - ie , Third Semester ) കുറഞ്ഞത് കണ്ടോണബിൾ പരിധിയിലുള്ള ഹാജർ വിദ്യാർത്ഥി നേടിയിരിക്കണം (APC within Condonable limit ).

| | |
|---|---|
| വെബ്സൈറ്റ് | https://admission.uoc.ac.in/admission?pages=Transfer |
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | 21.01.2026 |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 26.01.2026 |

- നാല്വ വർഷ ബിരുദ പ്രോഗ്രാമിന്റെ പഠന കാലയളവിൽ ഒരു വിദ്യാർത്ഥിയ്ക്ക് ഒരു തവണ മാത്രമേ കോളേജ് ട്രാൻസ്ഫറിന് അർഹതയുള്ളൂ. ആയതിനാൽ മൂന്നാം സെമസ്റ്ററിൽ മേജർ മാറ്റത്തോട് കൂടിയോ അല്ലാതെയോ കോളേജ് ട്രാൻസ്ഫർ ലഭിച്ച വിദ്യാർത്ഥികൾ വീണ്ടും കോളേജ് ട്രാൻസ്ഫറിന് അർഹരല്ല.
- റീ-അഡ്മിഷനും കോളേജ് ട്രാൻസ്ഫറും ഒരേസമയം അനുവദിക്കുന്നതല്ല.

- പരീക്ഷാ ക്രമക്കേടിന് ആരോപണ വിധേയരായ വിദ്യാർത്ഥികൾ (Suspected Malpractice) കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിന് അർഹരല്ല.
- നാലാം സെമസ്റ്ററിൽ മേജർ മാറ്റത്തോടെ കോളേജ് ട്രാൻസ്ഫർ നടത്തുന്നതിന് അനുമതിയില്ല.
- CUFYUGP റെഗുലേഷന്റെ പരിധിയിൽ വരാത്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ , ഇൻറർ കോളേജ് മേജർ മാറ്റം / കോളേജ് മാറ്റം എന്നിവ സംബന്ധിച്ച സർവകലാശാലാ നിയമങ്ങൾ അപേക്ഷകർക്ക് ബാധകമായിരിക്കുന്നതാണ്.

Dr. Denoj Sebastian
Registrar

To

അഫിലിയേറ്റഡ് കോളേജിലെ പ്രിൻസിപ്പാൾമാർ / പരീക്ഷ കൺട്രോളറുടെ പി എ / ഡയറക്ടർ CUCC / ഡെപ്യൂട്ടി രജിസ്ട്രാർ ജി & എ വിഭാഗം / പി ആർ ഒ / സുവേഗ